ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ വരും.

ശ്രീ. ടി. കെ. ദിവാകരൻ : പോലീസ് റാങ്കുകളായി നിയമിക്കുന്നതു് കൈയക്ഷരംകൂടി പരിശോധിച്ചിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേ.

ശ്രീ. ടി. കെ. ദിവാകരൻ : അങ്ങനെ ചെയ്യുന്നില്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ചെയ്യില്ലെങ്കിൽ അതു് അബദ്ധമാണു്.

ശ്രീ. കെ. എസ്. കൃഷ്ണശാസ്ത്രി : കോപ്പിസ്റ്റുമാരായി ബി. എ. ക്കാരെ നിയമിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസുവേണം.

പനമ്പുനെയ്ത്തുകേന്ദ്രങ്ങൾ.

[C1] * 570. [22] ശ്രീ. കെ. പി. ഹോർമിസ് : * താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പനമ്പുനെയ്ത്തു കേന്ദ്രങ്ങളിൽ വ്യവസായം പോഷിപ്പിക്കുന്നതിനു ഗവണ്മെന്റിൽനിന്നും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ;

(സി) മേൽ വ്യവസായത്തിൽ എത്ര ആയിരം ആളുകൾ ഏർപ്പെട്ടിട്ടുണ്ടു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) ഉണ്ടു്.

(ബി) പനമ്പുനെയ്ത്തുകൂടി ഗ്രാമോദ്ധാരണ കേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ടു്. നല്ല രീതിയിൽ പ്രവർത്തനം നടത്തുന്ന കേന്ദ്രങ്ങൾക്കു് ഗവണ്മെന്റിൽനിന്നും ഗ്രാന്റു നൽകുന്നുണ്ടു്.

(സി) ഉദ്ദേശം രണ്ടുലക്ഷം ആളുകൾ ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ടു്.

ശ്രീ. കെ. കരുണാകരൻ : അതിനാവശ്യമായ റാമെറീരിയൽസ് ഇപ്പോൾ ഗവണ്മെന്റിൽനിന്നും കൊടുക്കുന്നില്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : റാ മെ റീ രി യ ൽ സ് അവർതന്നെയാണു് സംഭരിക്കുക പതിവു്. ഇടയ്ക്കുണ്ടായ ഏതോ ഒരു ഓർഡർ അനുസരിച്ചു ഇപ്പോൾ ചില വിഷമങ്ങൾ ഉണ്ടായിട്ടുണ്ടു് എന്നു കേട്ടിട്ടുണ്ടു്.

ശ്രീ. കെ. കരുണാകരൻ : മുളവെട്ടിയെടുക്കുന്നതിനു ഇപ്പോൾ വിഷമങ്ങൾ നേരിടുന്നുണ്ടെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അടുത്തുണ്ടായ ഏതോ കല്പന അനുസരിച്ചു ചില വിഷമങ്ങൾ ഉണ്ടായിരിക്കാം.

---

* As the Member was absent, the question was put by Shri K. Karunakaran, with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. സി. അയ്യപ്പൻ : മുളവെട്ടി കൊണ്ടുപോകുന്നതിനു് ഇപ്പോൾ ഫീസു വസൂലാക്കുന്നതായറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു തന്നെയാണു് ഇപ്പോൾ പറഞ്ഞതു്.

ശ്രീ. പി. ആർ. മാധവൻപിള്ള : ഈ പനമ്പു വ്യവസായത്തിനു് ഒരു മാർക്കറ്റുണ്ടാക്കുന്ന കാര്യം ഗവണ്മെൻറു ശ്രദ്ധിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ മാർക്കറ്റുണ്ടു്.

സർക്കാർ ജീവനക്കാരുടെ കായ്ക്കശേഷി.

✱ 571. [23] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിച്ചതോടുകൂടി സർക്കാർ ജീവനക്കാരുടെ കായ്ക്കശേഷി വർദ്ധിക്കുകയും, സർക്കാർ കാര്യങ്ങളുടെ നടപടികളിലുള്ള കാലതാമസം കുറയുകയും ചെയ്തിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ) : ഉണ്ടു്.

ശ്രീ. എൻ. ജി. ചാക്കോ : ഇപ്പോഴും സർക്കാർ കാര്യങ്ങളുടെ നടപടിയിലുള്ള കാലതാമസത്തിനു യാതൊരു കുറവും വന്നിട്ടില്ലായെന്നു് പൊതുധാരണയുള്ള വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ ധാരണ മാറാൻ ആഗ്രഹിച്ചാൽ കൊള്ളാം.

ശ്രീ. എൻ. ജി. ചാക്കോ : സർക്കാർ ഫയലുകളുടെ തീരുമാനത്തിലുള്ള കാലതാമസം കുറയ്ക്കുന്നതിനു് എന്തെങ്കിലും ഇഫക്ടീവു് ആയ നടപടി ഗവണ്മെൻറു സ്വീകരിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഫയലുകൾ തീരുമാനിക്കുന്നതിനു കാലം വേണം. ആ കാലതാമസം കുറച്ചു കുറഞ്ഞിട്ടുണ്ടെന്നാണു ഗവണ്മെൻറു വിശ്വസിക്കുന്നതു്; ഇനിയും കുറഞ്ഞാൽ കൊള്ളാം.

ശ്രീ. സി. എ. മാത്യു : ശമ്പളത്തിൻെറ കുറവുകൊണ്ടാണോ കാലതാമസം ഉണ്ടായിരുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ശമ്പളത്തിൻെറ കുറവുകൊണ്ടാണെന്നു ഗവണ്മെൻറു വിചാരിക്കുന്നില്ല. എല്ലാംകൂടി ഒന്നിച്ചു സംഭവിക്കുകയാണു ചെയ്തതു്.

പമ്പാവാലി സ്കീം.

✱ 572. [24] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാവാലി സ്കീമിൻെറ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly